വരും വർഷങ്ങളിൽ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിക്കുന്നതിന് ഈ കരാറുകൾ സഹായകമാണ്. മാത്രമല്ല ഇത്തരമൊരു മേള ആദ്യമായി സംഘടിപ്പിച്ചതുവഴി ലോക രംഗത്ത് പ്രത്യേകമായൊരു സ്ഥാനം കേരളത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ടൂറിസം രംഗത്തെ കേരളത്തിന്റെ പ്രചാരണ പരിപാടികൾക്ക് ആക്കം വർദ്ധപ്പിക്കുന്നതിന് മേള സഹായകമായി.

(സി) കേരള ട്രാവൽ മാർട്ട് സംഘടിപ്പിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റും സ്വകാര്യ മേഖലയും ചെർന്ന് മൊത്തം 2,96,66,285 രൂപ ചെലവഴിച്ചു.

(ഡി) ഇതിൽ സ്വകാര്യമേഖല മൊത്തം ചെലവാക്കിയ തുക 2,37,20,000-ഉം സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് ചെലവാക്കിയ തുക 59,46,285-ഉം ആണ്.

തീരദേശ ആരോഗ്യ പദ്ധതി

25 (*173) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) തീരദേശപദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ-ഡി) തീരദേശ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആവിഷ്ക്കരിച്ച തീരദേശ ആരോഗ്യ പദ്ധതി 1-2-1993-ൽ തുടങ്ങി 31-3-1999-ൽ അവസാനിക്കുകയും ചെയ്തു. തീരദേശത്തെ 9 ജില്ലകളിലെ 171 ആശുപത്രികളിൽ വിവിധ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ 9.29 കോടി രൂപ ചെലവഴിച്ചു നടപ്പിലാക്കി.

ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

26 (*174) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly